അടിയന്തിരം/Action Today

കേരള സർക്കാർ

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

നം. 294/ഇപിഎ 4/19/തസ്വഭവ

തിരുവനന്തപുരം

തീയതി: 09.08.2019

സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ (പഞ്ചയാത്ത് ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത്/കോർപ്പറേഷൻ/മുൻസിപ്പൽ സെക്രട്ടറിമാർ (പഞ്ചായത്ത/നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർ (ഗ്രാമ വികസന കമ്മീഷണർ മുഖേന)

സർ,

വിഷയം : ത.സ്വ.ഭ.വ - സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി ഉണ്ടായ സാഹചര്യത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ ജീവനക്കാരെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിയോഗിക്കുന്നത് - സംബന്ധിച്ച്

സൂചന : 08.08.2019 ലെ സ.ഉ(സാധാ) നം 1716/2019/തസ്വഭവ

സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലം നാശനഷ്ടങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, തദ്ദേശസ്വയം ഭരണ വകുപ്പിൻ കീഴിലുള്ള അനുബന്ധ സ്ഥാപനങ്ങളിലെ തലവൻമാർ എന്നിവർ അവധി ദിവസങ്ങളിലും അവരവരുടെ ആസ്ഥാന കാര്യാലയങ്ങളിൽ ഉണ്ടാകേണ്ടതും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സ്വയം വ്യാപൃതരാകേണ്ടതും റവന്യൂ അധികാരികളുമായി ചേർന്ന് ദുരിതനിവാരണത്തിന് ആവശ്യമായ ജീവനക്കാരെ നിയോഗിക്കേണ്ടതുമാണ്. മേൽ നിർദ്ദേശത്തിനു വിപരീതമായി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിന്നും വിട്ടു നിൽക്കുന്ന ഓഫീസ് അധികാരികൾ / ജീവനക്കാർ എന്നിവരുടെ പ്രവർത്തി ഗൗരവമായി വീക്ഷിക്കുന്നതാണ്. ഇത് ഡ്യൂട്ടിയുടെ ഭാഗമായി തന്നെ പരിഗണിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

കെ.ഗോപാലകൃഷ്ണ ഭട്ട്

സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

DB4/11807/2019/CE/LSGD Dated 08/0/2019

Ref: DB2/16412/2017/CE/LSGD dt 15/8/18

All offices under LSGD engineering wing is hereby instructed to follow the instructions as in the above reference cited circular and as per the above Government letter attached herewith.

for Chief Engineer

241-est-2018

"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി 2/16412/2017/സിഇ/തസ്വഭവ തീയതി: 15.08.2018

## വളരെ അടിയന്തരം

## സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - കാലവർഷക്കെടുതികൾ നേരിടുന്നത് - സംബന്ധിച്ച്

കേരളത്തിൽ കഴിഞ്ഞ കുറച്ച് ദിവസങ്ങളായി ഉണ്ടായിട്ടുള്ള കാലവർഷക്കെടുതികൾ നേരിടുന്നതിനായി എല്ലാ വില്ലേജ് ഓഫീസുകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 24 മണിക്കൂറും തുറന്ന് പ്രവർത്തിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എല്ലാ ജീവനക്കാരും അവധിയും ഓഫീസ് സമയവും പരിഗണിക്കാതെ ഹാജരായി വേണ്ട സാങ്കേതികവും മറ്റുമായ എല്ലാവിധ സഹായ സഹകരണങ്ങളും നൽകേണ്ടതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ചീഫ് എഞ്ചിനീയർ

എസ്.എ